വൈദ്യുതി വിഭ്യുതക്കുറവിന് പരിഹാരം

5 (6456) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൈദ്യുതി വിഭ്യുതക്കുറവ് പരിഹരിക്കുവാൻ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് വൈദ്യുതി കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) ഉത്തര-ദക്ഷിണ ഗ്രിഡുകൾ യോജിപ്പിച്ചുകൊണ്ടുള്ള ശൃംഖല രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉദുമൽപേട്ട-മാടക്കത്തറ ലൈനിലൂടെയുള്ള ഓവർലോഡ് കുറയ്ക്കുന്നതിന് മൈസൂർ-അരീക്കോട്-കൊച്ചി-ഇടമൺ ലൈനിന്റെ പൂർത്തീകരണം അടിയന്തരമായി നടത്തുമോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കേരളം ഉൾപ്പെടുന്ന തെക്കൻ മേഖലയിലേക്ക് വൈദ്യുതി എത്തിക്കാനുള്ള ഇടനാഴിയുടെ (ട്രാൻസ്മിഷൻ കോറിഡോർ) അപര്യാപ്തതമൂലം മറ്റ് മേഖലകളിൽനിന്ന് കരാർചെയ്ത വൈദ്യുതിയുടെ ഒരു അംശംപോലും പലപ്പോഴും കേരളത്തിലേക്ക് എത്തിക്കാനാകാത്ത സാഹചര്യത്തിൽ തെക്കൻ മേഖലയിലുള്ള പദ്ധതികളിൽനിന്ന് മാത്രമായി വൈദ്യുതി കരാർ ചെയ്യുന്നുണ്ട്. ഇപ്രകാരം 2014 ജൂൺ മുതൽ 2015 ജനുവരിവരെ 348.5 മെഗാവാട്ടും തുടർന്ന് മേയ് വരെ 523.5 മെഗാവാട്ടും 2015 ജൂൺമുതൽ 2016 മേയ് വരെ 300 മെഗാവാട്ടും ദക്ഷിണമേഖലയിൽനിന്ന് കരാർ ചെയ്തിട്ടുണ്ട്.

(ബി) ഉത്തര-ദക്ഷിണ ഗ്രിഡുകൾ തമ്മിൽ യോജിപ്പിക്കുന്നതിന് കിഴക്കു പടിഞ്ഞാറൻ ഗ്രിഡ് വഴി നിലവിൽ ലൈനുകളുണ്ട്.

(സി) മൈസൂർ-അരീക്കോട് 400 കെ.വി. ലൈനിന്റെയും ഇടമൺ-കൊച്ചി 400 കെ.വി. ലൈനിന്റെയും നിർമ്മാണം പവർ ഗ്രിഡ് കോർപ്പറേഷനാണ് നിർവ്വഹിക്കുന്നത്.

എന്നാൽ റൈറ്റ് ഓഫ് വേ സംബന്ധിച്ച തർക്കങ്ങൾമൂലം നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണ്.

വൈദ്യുതി ബോർഡിന്റെ ആസ്തി ബാദ്ധ്യതകൾ

6 (6457) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളസംസ്ഥാന വൈദ്യുതി ബോർഡിന്റെ നിലവിലുള്ള ആസ്തി എത്രയെന്നും നിലവിലുള്ള കടബാധ്യത എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) കെ.എസ്.ഇ.ബി. നിലവിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നുമാണ് വായ്പ എടുത്തിട്ടുള്ളതെന്നും ആയത് എത്ര കോടി രൂപ വീതമാണെന്നും ഓരോ സ്ഥാപനത്തിനും പലിശയിനത്തിൽ പ്രതിമാസം ബോർഡ് അടയ്ക്കേണ്ട തുക എത്രയെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കെ.എസ്.ഇ.ബി.യുടെ പ്രതിമാസവരുമാനവും പ്രതിമാസ ചെലവും ശരാശരി എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) കെ.എസ്.ഇ.ബി.യുടെ കടം ലഘൂകരിക്കാനും വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാതിരിക്കാനും എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2012-13 സാമ്പത്തികവർഷത്തെ ആഡിറ്റ് നടന്നുകൊണ്ടിരിക്കുന്ന താൽക്കാലിക കണക്കുപ്രകാരം ഫിക്സഡ് അസറ്റുകളുടെ ഗ്രോസ് വാല്യൂ 12,692.87 കോടിരൂപയും ഇതുവരെ തേയ്മാനം (ഡിപ്രീസിയേഷൻ) കഴിഞ്ഞുള്ള നെറ്റ് വാല്യൂ 6,868.81 കോടിരൂപയുമാണ്. പ്രസ്തുത നെറ്റ് വാല്യൂ ഉൾപ്പെടെയുള്ള മൊത്തം ആസ്തി 13,548.33 കോടിരൂപയാണ്.

പ്രസ്തുത സാമ്പത്തികവർഷം ബോർഡിന്റെ കടബാദ്ധ്യത ഇപ്രകാരമാണ്. ക്യാപിറ്റൽ ലയബിലിറ്റീസ് (മൂലധനവായ്പ) 2,134.20 കോടിരൂപയും വർക്കിംഗ് ക്യാപിറ്റലിനുവേണ്ടിയുള്ള ലോൺ 1,942.97 കോടിരൂപയും ഉൾപ്പെടെ 4,077.17 കോടി രൂപയാണ്.

(ബി) 30-3-2014 വരെയുള്ള കെ.എസ്.ഇ.ബി.-യുടെ കടബാദ്ധ്യതയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) 2012-13 സാമ്പത്തികവർഷത്തെ ആഡിറ്റ് നടന്നുകൊണ്ടിരിക്കുന്ന താൽക്കാലിക കണക്കുപ്രകാരം ബോർഡിന്റെ ആകെ വരവ് 7,659.21 കോടിരൂപയും ആകെ ചെലവ് 11417.38 കോടി രൂപയുമാണ്. ഇപ്രകാരം 2012-13 കാലയളവിൽ പ്രതിമാസവരുമാനം 638.27 കോടി രൂപയും പ്രതിമാസ ചെലവ് 951.45 കോടിരൂപയുമാണ്.

2013-14-ലെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല.

(ഡി) വൈദ്യുതി നിയമം 2003-ലെ വ്യവസ്ഥകൾപ്രകാരം സംസ്ഥാനത്ത് വൈദ്യുതിചാർജ് വർദ്ധിപ്പിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. വൈദ്യുതി വാങ്ങൽ ചെലവിലുണ്ടാകുന്ന വർദ്ധനവുകാരണവും പണപ്പെരുപ്പംകാരണവും സാധന സാമഗ്രികളുടെ വിലവർദ്ധനവുകാരണവും വൈദ്യുതിയുടെ വിതരണച്ചെലവിൽ ഓരോവർഷവും ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. എന്നാൽ ഇതിനനുസരിച്ച് വൈദ്യുതി താരിഫ് ക്രമമായി വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടില്ല. മേൽപ്പറഞ്ഞ കാരണങ്ങളാൽ 2014-15 വർഷത്തേക്ക് വൈദ്യുതി ബോർഡ് പ്രതീക്ഷിക്കുന്ന വരുമാന കമ്മി 2,931.21 കോടിരൂപയാണ്. ടി നഷ്ടം സഹിച്ചുകൊണ്ട് സംസ്ഥാന വൈദ്യുതി ബോർഡിന് നിലനിൽക്കാൻ സാധിക്കാത്ത സ്ഥിതി വിശേഷമാണ് നിലവിലുള്ളത്. ടി സാഹചര്യത്തിൽ 2014-15-ലേക്കുള്ള പ്രതീക്ഷിത വരുമാന കമ്മിയായ 2,931.21 കോടിരൂപയുടെ ഒരുഭാഗംമാത്രം പ്രതീക്ഷിക്കുന്ന വരുമാനകമ്മിയുടെ 48.50 ശതമാനത്തോളം അതായത് 1,423.63 കോടിരൂപ താരിഫ് വർദ്ധനവിലൂടെ നികത്താനുള്ള നിർദ്ദേശങ്ങളാണ് വൈദ്യുതി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ബോർഡ് സംസ്ഥാന റഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ളത്. ബാക്കിവരുന്ന കമ്മി റഗുലേറ്ററി അസറ്റായി കണക്കാക്കാനും കാര്യക്ഷമമായ പ്രവർത്തനങ്ങളിലൂടെയും വൈദ്യുതി വാങ്ങൽച്ചെലവ് കുറയ്ക്കുന്നതിലൂടെയും വൈദ്യുതി ബോർഡിന്റെ കമ്മി ഘട്ടംഘട്ടമായി കുറയ്ക്കാനുമാണ് വൈദ്യുതി ബോർഡ് ലക്ഷ്യമിടുന്നത്.

കായംകുളം താപനിലയത്തിൽനിന്നുള്ള വൈദ്യുതി

7 (6458) ശ്രീ. എ. കെ. ബാലൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം താപനിലയത്തിന്റെ നിലവിലെ ശേഷി എത്രയാണ് ; അതിൽ കേരളത്തിന്റെ വിഹിതം എത്രയാണെന്ന് അറിയിക്കുമോ ;

(ബി) കായംകുളം താപനിലയത്തിൽനിന്ന് പ്രതിവർഷം എത്ര വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയും ; ഇതിൽ കഴിഞ്ഞ വർഷം എത്ര വൈദ്യുതി ഉൽപാദിപ്പിക്കുകയുണ്ടായി ; ഇതിൽ എത്ര യൂണിറ്റ് വൈദ്യുതിയാണ് കേരളം ഉപയോഗിച്ചത് ;

(സി) കായംകുളം നിലയത്തിന്റെ ശേഷി പൂർണ്ണതോതിൽ ഉപയോഗപ്പെടുത്തുന്നതിന് പ്രയാസമെന്താണെന്ന് അറിയിക്കുമോ ;

(ഡി) കായംകുളത്തുനിന്നുള്ള വിലകൂടിയ വൈദ്യുതി ഉപയോഗിക്കുന്നതിലെ നഷ്ടം പരിഹരിക്കുന്നതിന് മറ്റേതെങ്കിലും നിലയങ്ങളിൽനിന്ന് വൈദ്യുതി വിഹിതം ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിലവിലെ ശേഷി 359.58 മെഗാവാട്ടാണ്. അത് മുഴുവനും കേരളത്തിനാണ്.

(ബി) ഒരുവർഷം 2677 ദശലക്ഷം യൂണിറ്റ് വൈദ്യുതി വ്യവസ്ഥാപിതമായ രീതികൾപ്രകാരം ഉൽപ്പാദിപ്പിക്കാവുന്നതാണ്. 2013-14 സാമ്പത്തികവർഷത്തിൽ 947.152 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. ഇതിൽ 327.383 ദശലക്ഷം യൂണിറ്റ് വൈദ്യുതി കേരളം ഉപയോഗിച്ചിട്ടുണ്ട്.

(സി) കായംകുളം നിലയത്തിൽനിന്നുള്ള വൈദ്യുതിയുടെ ഇന്ധനവില യൂണിറ്റൊന്നിന് 12.50 രൂപയിലും കൂടുതലാണ്. സംസ്ഥാനത്ത് റെഗുലേറ്ററി കമ്മീഷൻ രൂപീകൃതമായതിനുശേഷം വൈദ്യുതി ബോർഡിന്റെ വൈദ്യുതി വാങ്ങൽ കമ്മീഷന്റെ അധികാരത്തിന് വിധേയമാണ്. റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി വാങ്ങൽ കർശനമായും മെറിറ്റ് ഓർഡറിൽ വേണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. വൈദ്യുതി വാങ്ങൽ ചെലവ് പരമാവധി കുറയ്ക്കുന്നതിനും ഉപഭോക്താക്കൾക്ക് പരമാവധി കുറഞ്ഞ നിരക്കിൽ വൈദ്യുതി എത്തിക്കുന്നതിന്റേയും ഭാഗമായാണ് കായംകുളം നിലയത്തിന്റെ ശേഷി പൂർണ്ണതോതിൽ ഉപയോഗപ്പെടുത്താത്തത്.

LIBRARY ARCHIVES Kerala Legislative Assembly